## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. T 4441** **28.6.2012-ൽ മറുപടിയ്ക്ക്**

**പച്ചക്കറി വിലവർദ്ധന**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ : | | ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് പച്ചക്കറി വില കുതിച്ചുയരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇതു പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളത് ; വ്യക്തമാക്കാമോ ; | (ബി) പച്ചക്കറികളുടെ വില ഉയർന്ന സാഹചര്യത്തിൽ കൃഷി വകുപ്പ്, ഹോർട്ടികോർപ്പ് വെജിറ്റബിൾ ആന്റ്ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള എന്നിവർ വിപണിയിൽ ഇടപെട്ട് സബ്സിഡി നിരക്കിൽ പച്ചക്കറി വില്പന നടത്തുന്നു. കർഷകർ ഉൽപാദിപ്പിക്കുന്ന പരമാവധി പച്ചക്കറികൾ സംഭരിച്ചുകൊണ്ട്, 192 റീട്ടെയിൽ ഔട്ട്ലെറ്റുകൾ/സ്റ്റാളുകൾ ആരംഭിച്ച് കമ്പോള വിലയെക്കാൾ 30 % കുറഞ്ഞ വിലയ്ക്ക് പച്ചക്കറികൾ വില്പന നടത്തി വരുന്നു. |
| (സി) | സംസ്ഥാനത്ത് പച്ചക്കറിയുത്പാദനം വർദ്ധിപ്പിക്കാൻ എന്തെങ്കിലും പദ്ധതി ആസൂത്രണം ചെയ്ത് നടപ്പാക്കുമോ? | (സി) സംസ്ഥാനത്ത് പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനു വേണ്ടി വെജിറ്റബിൾ ആന്റ്ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം, സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ, തദ്ദേശ സ്വയഭരണ സ്ഥാപനങ്ങൾ, കൃഷി വകുപ്പ് എന്നിവ മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു വിത്തുല്പാദനം മുതൽ വിപണിവൽക്കരണം വരെയുള്ള വ്യത്യസ്ത ഘടകങ്ങളെ കൂട്ടിയിണക്കി പച്ചക്കറി കൃഷിയുടെ വികസനത്തി നുവേണ്ടി 48.5 |

കോടി രൂപയുടെ ഒരു സമഗ്രപദ്ധതി 2012-13 -ൽ നടപ്പിലാക്കുവാനായി രൂപീകരിച്ചുവരുന്നു. വെജിറ്റബിൾ ആന്റ്ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളയുടെ ആഭിമുഖ്യത്തിൽ 2012-13 സാമ്പത്തിക വർഷം നടപ്പിലാക്കുന്നതിനായി താഴെപറയുന്ന പദ്ധതി കൾക്ക് അനുമതി നൽകിയിട്ടുണ്ട്.

| | | |
|---|---|---|
| പദ്ധതി 1 | വി.എഫ്.പി.സി.കെ. വിത്തുൽപാദനത്തിനുള്ള സഹായം | 45 ലക്ഷം |
| പദ്ധതി 2 | പച്ചക്കറി വ്യാപനം | 600 ലക്ഷം |
| പദ്ധതി 3 | പഴം-പച്ചക്കറി മേഖലയിൽ വിപണന സംവിധാനം ശക്തിപ്പെടുത്തൽ | 500 ലക്ഷം |
| | ആകെ | 1145 ലക്ഷം |

സെക്ഷൻ ഓഫീസർ